# അദ്ധ്യായം 12

ഈ പ്രവചനപുസ്തകത്തിലെ അതിപ്രധാനമായ അദ്ധ്യായമാണ് ഇത്. മഹോപദ്രവത്തിന്റെ മദ്ധ്യവും, മൂർദ്ധന്യവുമായ കാലത്തിലേക്ക് പ്രവേശിച്ചപ്പോൾ പല വ്യാഖ്യാനങ്ങളും സംഭവങ്ങളും ദൃശ്യമായിത്തീർന്നതായി കാണാം.

## സ്വർഗ്ഗത്തിൽ ദൃശ്യമായ ചില അടയാളങ്ങൾ

ഈ അടയാളങ്ങൾ സ്വർഗ്ഗത്തിൽ കാണപ്പെടുന്നവ ആയാലും ഭൂമിയിലെ വിഷയങ്ങളാണെന്ന് താഴെ രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗങ്ങൾ വായിച്ചാൽ മനസ്സിലാക്കാം.

(വെളി : (12: 6,13,16,17)

ഒന്നാമത്തെ അടയാളം (12: 1-2,5-6)

പല വ്യാഖ്യാനങ്ങൾ ഓരോ സംഭവങ്ങൾക്കും ഉള്ളതിനാൽ തിരുവചനാടിസ്ഥാനത്തിൽ ചിന്തിക്കുന്നതാണ് ഉത്തമം.

സൂര്യധാരിണിയായ സ്ത്രീ - ഇവൾ ആര്?

1. ഇവൾ കന്യാമറിയം എന്നും ,ഇവൾ പ്രസവിച്ച കുട്ടി ക്രിസ്തു എന്നും കരുതിയാണ് വേളാങ്കണ്ണി മാതാവ് എന്ന സങ്കല്പം ഉണ്ടായത്.

കന്യാമറിയത്തെപ്പറ്റി വചനത്തിൽ തന്നിട്ടുള്ള വിവരങ്ങൾ (ലൂക്കോ: 1: 26-35) ഇതിനോട് യോജിക്കുന്നതല്ല. മറിയ പ്രസവിച്ച കുട്ടി (ലൂക്കോ 2:7) ഉയരത്തിലേക്കെടുക്കപ്പെട്ടില്ല . കൂടാതെ മരുഭൂമിയിലേക്കവൾ ഓടിപ്പോയില്ല. സൂര്യധാരിണിയായ സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി (വെളി. 12:5,6)

അതിനാൽ ഈ സ്ത്രീ കന്യകമറിയമോ, വേളാങ്കണ്ണി മാതാവോ അല്ല എന്ന് കരുതാം.

2. സ്ത്രീ ദൈവസഭ എന്ന ചിന്തയും തെറ്റാണ്. ഈ സംഭവം നടക്കുന്നത് ഏഴാം കാഹളം ഊതുമ്പോഴാണ്. അതായത് മഹോപദ്രവത്തിന്റെ മദ്ധ്യത്തിൽ സഭ മഹോപദ്രവത്തിലൂടെ കടക്കുകയില്ല.അതിനുമുൻപ് എടുക്കപ്പെടും എന്ന് നാം വിശദമായി ചിന്തിച്ചതാണ്. അതിനാൽ ഈ സ്ത്രീ സഭയുടെ പ്രതീകമല്ല.

കൂടാതെ സഭ നിർമ്മലകന്യകയാണ്.പ്രസവിച്ച സ്ത്രീ അല്ല. Read (2 കൊരി 11:2)

3. വചനാന്വേഷണത്തിനായി വായിക്കുക (യെശ 34: 16)

(യെശ 66:7,8)

(മിഖ 4:9,10)

4. യോസഫ് കണ്ട സ്വപ്നം (ഉല്പ 37:9-11) ഇതിൽ നിന്നും സൂര്യധാരിണിയായ സ്ത്രീ സീയോൻ ആണെന്ന് മനസ്സിലാക്കുന്നു.

സീയോൻ - യിസ്രായേൽ സഭയെ കുറിക്കുന്നു.

പ്രസവ വേദന അനുഭവിച്ച സ്ത്രീയുടെ നിലവിളി- യിസ്രായേൽ സഭ മഹോപദ്രവത്തിലൂടെ കടന്നു പോകുന്നതിനെ കാണിക്കുന്നു.

ആൺകുട്ടി ആര്?

സ്ത്രീ പ്രസവിച്ച കുട്ടി സിംഹാസനത്തിലേക്കെടുക്കപ്പെട്ടതാൽ (വെളി- 12:5) അത് ക്രിസ്തു അല്ല എന്നാണ് ഒരു വിശദീകരണം. കാരണം യേശുക്രിസ്തുവിന്റെ ജനനം കഴിഞ്ഞിട്ട് 2000 ൽ പരം വർഷം കഴിഞ്ഞതിനാൽ ഈ ആൺകുട്ടി യേശുക്രിസ്തു അല്ല സ്ത്രീ പ്രസവിച്ചത് മഹോപ

ദ്രവത്തിന്റെ മദ്ധ്യത്തിലാണെന്നുമാണ് വചനം വെളിപ്പെടുത്തുന്നത്.

സ്ത്രീ യിസ്രായേൽ സഭ ആകയാൽ അവളിൽ നിന്ന് ജനിക്കുന്നതും യഹൂദർ തന്നെ ആയിരിക്കും.അപ്പോൾ ആരായിരിക്കും ഈ ആൺകുട്ടി?

പീഡനത്തിന്റെകൂടെ ഉല്പാദിപ്പിക്കപ്പെട്ട നൂറ്റിനാല്പത്തിനാലായിരം പേർ ഇവരെ സാത്താനിൽ നിന്ന് രക്ഷിക്കാൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നു.

മറ്റൊരു ചിന്ത വായിക്കുക റോമ (9:5) യെശ :(9:6,7) ഈ വേദഭാഗങ്ങളിൽ നിന്നും ആൺകുട്ടി ക്രിസ്തുആണെന്നു കരുതുവാൻ കഴിയും. കൂടാതെ ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ആൺകുട്ടി എന്ന് വെളി : 12:5 ലും കാണുന്നു. സർവ്വലോകവും അടക്കിഭരിക്കുവാൻ കഴിയുന്നത് ക്രിസ്തുവിനു മാത്രമാണെന്നാണ് ആ ചിന്ത.

സ്ത്രീ പ്രസവിച്ച കുട്ടിയുടെ ജനനത്തെ മഹാസർപ്പം എതിർത്തതുപോലെ (വെളി. 12:4) യേശു ക്രിസ്തുവിന്റെ ജനനത്തേയും സാത്താൻ എതിർത്തിരുന്നു. അതുകൊണ്ട് ഈ കുട്ടി ക്രിസ്തു എന്നഭിപ്രായവും ശരിയായതാണ്.

രണ്ടാമത്തെ അടയാളം

മഹാസർപ്പത്തിന്റെ പ്രത്യേകതകൾ - വെളി: (12:3)

നിറം - തീയുടെ ചുവപ്പു നിറം

ഏഴ് തല- ജ്ഞാനസമ്പൂർണ്ണതയെ കാണിക്കുന്നു. (യെഹ : 28:12)

പത്തു കൊമ്പുകൾ- അധികാരത്തേയും , ഭരണ പൂർണ്ണതയേയും, പ്രതാപത്തേയും കാണിക്കുന്നു.

ഏഴ് രാജമുടി - തലയിൽ മാത്രം

മഹാസർപ്പത്തിന്റെ പ്രവർത്തി - വെളി : (12:4,5)

നക്ഷത്രങ്ങൾ- ദൂതൻമാരെ ആലങ്കാരികമായി പറയുന്നു. (വെളി: 1:20)

സാത്താൻ - ഭോഷ്ക് പറയുന്നവൻ

വാൽ - അസത്യം ഉപദേശിക്കുന്ന പ്രവാചകൻ(യെശ :9:15)

ദൂതൻമാരോട് ഭോഷ്ക് പറഞ്ഞ് മത്സരികളാക്കി മാറ്റി ഭൂമിയിലേക്ക് തള്ളിയിടുവാൻ കാരണമാകുന്നു. ദൈവദൂതഗണത്തിൽ മൂന്നിലൊന്നു ഭാഗത്തെ അവൻ തെറ്റിച്ചു എന്ന് സാരം.

മഹാസർപ്പത്തിന് സ്ത്രീയോട് കോപം തോന്നുവാനുള്ള കാരണങ്ങൾ മനസ്സിലാക്കുവാൻ താഴെ രേഖപ്പെടുത്തിയ വേദഭാഗങ്ങൾ വായിക്കുക.

ഉല്പത്തി (3:14,15)

ഉല്പത്തി(4:8) (16:1,2)(9:18,27),(11:1,9),(17:17), (18:9,15),(21:1,3)

ഉല്പത്തി (22), (25:12,24)

മത്തായി - (2), (4:1-11), ( 8:23-27),(14:22-33),(16:21)

ലൂക്കോസ് (4:29)

യോഹന്നാൻ - (13:27), (19:6), (20:9)

അപ്പോ: പ്രവ :(2:1-13)

മരുഭൂമിയിലേക്കോടിപ്പോയ സ്ത്രീയെ 1260 ദിവസം ദൈവം അത്ഭുതകരമായി പോറ്റുന്നു.

വായിക്കുക യെശ (16:1-5)

സ്വർഗ്ഗത്തിലെ യുദ്ധം

ആരെല്ലാം തമ്മിലാണ് യുദ്ധം നടക്കുന്നത്- വെളി (12:8,9)

ഫലം എന്ത്?- വെളി (12:8,9)

സ്വർഗ്ഗത്തിൽ കേട്ട ശബ്ദം - വെളി (12-10)

ശത്രുവിനെ ജയിച്ചതെങ്ങനെ ? വെളി (12:11-12)

സ്ത്രീ പീഡിപ്പിക്കപ്പെടുന്നു (വെളി 12:13-17)

പിശാച് , തനിക്കല്പകാലമേയുള്ളൂ എന്നറിഞ്ഞ് മഹാക്രോധത്തോടെ , എതിർ ക്രിസ്തുവിന്റെ നേതൃത്വത്തിൽ ഭീകരവാഴ്ച ഭൂമിയിലാരംഭിക്കും.

Proof: മത്താ:(24:21)

ദൈവം തന്റെ പ്രവർത്തി ശക്തിയോടെ നിവർത്തിക്കുമ്പോൾ അനേകർ മാനസാന്തരത്തിലേക്ക് നയിക്കപ്പെടും .യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവകല്പന അനുസരിക്കുകയും ചെയ്തതിനാലും കഠിനപീഡനം അവർ അനുഭവിക്കേണ്ടതായി വരുന്നു. സാത്താൻ യിസ്രായേലിൻമേൽ ഭീകരതാണ്ഡവമാടുമ്പോൾഅവർ മലമുകളിലേക്കോടിപോകുന്നു. ഈ ഓടിപ്പോക്കിൽ മാനുഷിക പരിഗണനമൂലം അറബികൾ തങ്ങളുടെ ശത്രുക്കൾക്ക് അപ്പവും വെള്ളവും നൽകുന്നു. കർത്താവ് ഈ നീതി പ്രവർത്തി ചെയ്തവർക്ക് ഒരുക്കിയിരിക്കുന്ന രാജ്യത്തിലേക്കുള്ള പ്രവേശനം നൽകുന്നു.

Proof::യെശ (21:13-15)

മത്താ : (15:31-46)

കഴുകന്റെ ചിറക് - ദൈവശക്തിയെ കാണിക്കുന്നു. വായിക്കുക (പുറ: 19:4)

മർക്കോ: (13:14)

ലൂക്കോ:(24:12)

സ്ത്രീ പോഷിപ്പിക്കപ്പെടുന്ന സമയം -വെളി(12:14)മൂന്നര വർഷം

(1 കാൽ - 1 വർഷം, 2 കാൽ- 2 വർഷം)

സാത്താന്റെ വായിൽ നിന്ന് പുറപ്പെടുന്ന നദി- വെളി (12:16)

അതായത് സാത്താന്റെ സൈന്യ വ്യൂഹം ഇതിനെ വായ് പിളർന്ന് വിഴുങ്ങുന്നു.

(മറ്റൊരുദാഹരണം- സംഖ്യ 16:29-35)

ie, Supernatural way of God's Protection

ഓടിപ്പോകാത്തവർ, യേശുവിന്റെ സാക്ഷ്യം നിമിത്തം പീഢനം അനുഭവിക്കേണ്ടതായി വരും ഇവരോട് യുദ്ധം ചെയ്യാൻ അവൻ കടല്പുറത്തെ മണലിൽ നിന്നു. - (അബ്രഹാമിന്റെ സന്തതി ആകാശത്തിലെ നക്ഷത്രം പോലെയും കടൽപുറത്തെ മണൽ പോലെയുമാണത്രേ.(ഉല്പ 22:17) യിസ്രായേലിന്റെ ഭൂരിപക്ഷം പ്രാണരക്ഷാർത്ഥം ഓടിപ്പോകുമ്പോൾ , ന്യൂനപക്ഷം മശിഹായ്ക്കു വേണ്ടി കാത്തിരിക്കുകയും തന്റെ നാമം നിമിത്തം രക്തസാക്ഷികളായിത്തീരുകയും ചെയ്യുന്നു. അവസാനത്തോളം സഹിച്ചു നിന്ന് വിജയം പ്രാപിപ്പാൻദൈവം സഹായിക്കട്ടെ.

# അദ്ധ്യായം 13

മഹോപദ്രവകാലത്തെ രണ്ട് ഉഗ്രമൂർത്തികളുടെ പ്രത്യക്ഷതയാണ് ഈ അദ്ധ്യായത്തിലെ പ്രമേയം.അതായത് സമുദ്രത്തിൽ നിന്നും കയറിവരുന്ന മൃഗമായ എതിർക്രിസ്തുവും ,ഭൂമിയിൽ നിന്നു കയറിവരുന്ന മൃഗമായ കള്ളപ്രവാചകനുമാണ് പ്രതിപാദ വിഷയം. എപ്പോഴാണ് ഈ മൃഗം കയറി വന്നത്? വെളി.(12:17)സമുദ്രത്തിൽനിന്നും കയറി വന്ന ഈ മൃഗത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? വെളി( 13:1)

7 തല -അവന്റേതായ ഏഴ് സാമ്രാജ്യങ്ങളെ കാണിക്കുന്നു.

പത്തുകൊമ്പുകളും അവയിലുള്ള പത്ത് രാജമുടിയും - പത്ത് രാജാക്കൻമാരെ കാണിക്കുന്നു.പുള്ളിപ്പുലിക്കു സദൃശ്യവും , കരടിയുടെ കാൽ പോലെയുള്ള കാലും , സിംഹത്തിന്റെ വായ്പോലെയുള്ള വായും ഉള്ള ഈ സങ്കരമൃഗം കയറിവന്നത് എവിടെനിന്ന് ? വെളി: (13:2)

സമുദ്രം - ലോകരാജ്യങ്ങളിലെ ജനത്തെ കാണിക്കുന്നു. വായിക്കുക യെശ (57:20) വെളി(17:15)

(സങ്കരരൂപമുള്ള മൃഗം അന്ത്യകാലത്തെ ലോകരാജ്യത്തേയും അതിന്റെ രാജാവിനേയും കാണിക്കുന്നു. അവനെ സാദൃശീകരിക്കുന്ന മൃഗത്തെപ്പോലെ തന്നെ അവന്റെ സ്വഭാവവും പ്രവർത്തിയും മൃഗീയമാണ്. ക്രൂരനായ ഭരണാധികാരിയായ ഇവനെ എതിർ ക്രിസ്തു എന്നും അധർമ്മമൂർത്തി എന്നും വിളിച്ചിരുന്നു.)

ഈ മൃഗത്തെ കണ്ടപ്പോൾ പഴയപാമ്പായ സാത്താനെന്ന മഹാസർപ്പം അവന് ദാനമായി നൽകിയത് എന്തെല്ലാം? വെളി(13:2)

വായിക്കുക 2 തെസ്സ :(2:9)

(എതിർ ക്രിസ്തു അത്ഭുതകരമായ സിദ്ധികളും , അമാനുഷികമായ ബുദ്ധിയും ഉള്ള മഹാനായ ഒരു ഭരണതന്ത്രജ്ഞനായിരിക്കും. അവൻ ലോകജനതയെ സ്വാധീനിച്ച് സമ്പൽസമൃദ്ധമായ ലോകരാഷ്ട്രം കെട്ടിപ്പടുക്കുവാൻ പോകുന്ന മശിഹായാണെന്ന് അവകാശപ്പെടുകയും ലോകരാഷ്ട്രങ്ങൾ അവന്റെ പക്ഷത്താകുകയും ചെയ്യും.

സർവ്വജനവും മൃഗത്തെ നോക്കി വിസ്മയിച്ചത് എന്തിന്? വെളി: (13:3)

(wound - a failure of defeat which is heaped by satanic power.)

മൃഗത്തിനധികാരം കൊടുത്ത മഹാസർപ്പത്തേയും ജനം നമസ്ക്കരിച്ചു- വെളി, (13:8)

(ഇവരെ നമസ്ക്കരിക്കുന്നത് ആരാണ് എന്നറിവാൻ- വായിക്കുക -വെളി:(13:8)

(ജീവ പുസ്തകത്തിൽ പേര് ഉണ്ടോ?

ഒരു തിരിഞ്ഞുനോട്ടത്തിന് തയ്യാറാകുമോ?)

സമുദ്രത്തിൽ നിന്നും കയറിവന്ന മൃഗത്തിന്റെ ജോലികൾ എന്തെല്ലാം ? വെളി:(13:5-7)

(ആത്മ പ്രശംസ , ദുഷിച്ച സംസാരം ഇവ മാത്രമേ ഇതിന്റെ വായിൽ നിന്ന് പുറപ്പെടുകയുള്ളു)

കർത്താവ് തരുന്ന മുന്നറിയിപ്പ് - കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ ( Listen, then , if you have ears to hear with)

അതായത് ഏത് കാലഘട്ടത്തിലും ശ്രദ്ധിക്കുവാൻ മനസ്സുള്ളവർക്കായി ദൈവശബ്ദം ഉണ്ടാകും.

Read Mathew (11:15)

(13:9,4,3)

Mark (9:9)

(9:23)

## സാത്താൻ ദൈവത്തെ അനുകരിക്കുവാൻ പരിശ്രമിച്ചത് ഏതെല്ലാം വിധത്തിൽ

1. ദൈവം തന്റെ പുത്രനെ ഈ ഭൂമിയിലേക്ക് അയച്ചതുപോലെ സാത്താൻ എതിർക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയയ്ക്കുന്നു..

2. ക്രിസ്തുവിൽ ദൈവം വസിച്ചിരുന്നതുപോലെ എതിർക്രിസ്തുവിൽ സാത്താൻ വസിക്കുന്നു.

3. ക്രിസ്തു ദൈവത്തിന്റെ ഇഷ്ടം മാത്രം ചെയ്തതുപോലെ എതിർക്രിസ്തു സാത്താന്റെ ഇഷ്ടം ചെയ്യുന്നു.

4. ക്രിസ്തുവിന് ഒരു സഭ ഉള്ളതുപോലെ എതിർക്രിസ്തുവിനും ഒരു സഭയുണ്ട് .അതാണ് സാത്താന്റെ പള്ളിക്കാർ വെളി: (2:9),(3:9)

5. ക്രിസ്തുവിന് മണവാട്ടിയുണ്ട്- വെളി (21:9)(the bride , the wife of the Lamb- (N.I.V.bible ൽ)

എതിർക്രിസ്തുവിനും മണവാട്ടിയുണ്ട് , അതാണ് മഹതിയാം ബാബിലോൺ- വെളി( 17:1-16)

6. ക്രിസ്തുവിന്റെ ഭൂതല ശുശ്രൂഷ മൂന്നരവർഷം എന്നതുപോലെ , എതിർക്രിസ്തുവിന്റെയും പ്രവർത്തനകാലം മൂന്നരവർഷമായിരിക്കും വെളി( 13:5)

7.യേശുക്രിസ്തു മരിച്ചുയർത്തതുപോലെ ,എതിർക്രിസ്തു മരണകരമായ മുറിവേറ്റിട്ട് ജീവൻ പ്രാപിക്കുന്നു.

8. ദൈവത്തിൽ ത്രിത്വം ഉള്ളതുപോലെ സാത്താനിലും ത്രിത്വം ഉണ്ട്.അതായത് പിതാവ് , പുത്രൻ, പരിശുദ്ധാത്മാവ്, സാത്താൻ ,എതിർക്രിസ്തുവാം പുത്രൻ, കള്ളപ്രവാചകനായ പരിശുദ്ധാത്മാവ് എന്നിങ്ങനെ എല്ലാനിലയിലും ക്രിസ്തു എന്നപോലെ അവൻ അഭിനയിക്കുന്നു.

## ക്രിസ്തുവും എതിർക്രിസ്തുവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ

| | |
|---|---|
| 1. .ക്രിസ്തു ഉയരത്തിൽ നിന്നു വരുന്നു | (യോഹ 6:38) |
| എതിർക്രിസ്തു അഗാധത്തിൽ നിന്നു വരുന്നു | (വെളി:11:7) |
| 2. ക്രിസ്തു പിതാവിന്റെ നാമത്തിൽ വരുന്നു | (യോഹ:5:43) |
| എതിർക്രിസ്തു സ്വന്ത നാമത്തിൽ വരുന്നു | (യോഹ: 5:43) |
| 3. ക്രിസ്തു തന്നെത്താൻ താഴ്ത്തി | (ഫിലി: 2:8) |
| എതിർക്രിസ്തു തന്നെത്താൻ ഉയർത്തി | (2 തെസ്സ: 2:4) |
| 4. ക്രിസ്തു എല്ലാവരാലും നിന്ദിക്കപ്പെട്ടു | (യെശ:53:3)(ലൂക്കോ 23:35) |
| എതിർക്രിസ്തു എല്ലാവരേയും വിസ്മയിപ്പിച്ചു | (വെളി: 13:3,4) |
| 5. ക്രിസ്തുവിനെ ദൈവം ഉയർത്തി | (ഫിലി :2:9) |
| എതിർ ക്രിസ്തുവിനെ നാശത്തിൽ തള്ളിയിട്ടു | (വെളി:19:20) |
| 6. ക്രിസ്തു ദൈവഹിതം ചെയ്തു | (യോഹ: 6:38) |
| എതിർക്രിസ്തു തന്റെ ഹിതം ചെയ്തു | (ദാനി 11:36) |
| 7. ക്രിസ്തു രക്ഷിപ്പാൻ വന്നു | (ലൂക്കോ: 19:10) |
| എതിർക്രിസ്തു നശിപ്പിപ്പാൻ വന്നു | (ദാനി 11:36) |
| 8. ക്രിസ്തു നല്ലിടയനാണ് | (യോഹ: 10:11) |
| എതിർ ക്രിസ്തു തുമ്പുകെട്ട ഇടയനാണ് | (സെഖ: 11:16,17) |
| 9. ക്രിസ്തു യഥാർത്ഥ മുന്തിരി വള്ളിയാണ് | (യോഹ:15:1) |
| എതിർക്രിസ്തു ഭൂമിയിലെ മുന്തിരി വള്ളിയാണ് | (വെളി:14:18) |
| 10. ക്രിസ്തുസത്യമായിരുന്നു | (യോഹ: 14:6) |

എതിർക്രിസ്തു ഭോഷ്ക്കാണ് (2 തെസ്സ :2:11)

11. ക്രിസ്തു പരിശുദ്ധനാണ് (മർക്കോ: 1:24)

എതിർക്രിസ്തു അധർമ്മമൂർത്തിയാണ് (2തെസ്സ:2:8)

ഭൂമിയിൽ നിന്നും കയറിവരുന്നതാണ് രണ്ടാമതായി വന്ന മൃഗം.

യോഹന്നാൻ കണ്ട ഈ മൃഗത്തിന്റെ പ്രത്യേകത എന്ത്? (വെളി : 13:11)

**ഈ മൃഗത്തിന്റെ പ്രത്യേകതകൾ?**

Read വെളി :(13:11)

കുഞ്ഞാടിനെപ്പോലെ രണ്ട് കൊമ്പുള്ള മൃഗം . ഇതി കുഞ്ഞാടല്ല കാരണം വെളിപാടുപുസ്തകത്തിൽ അറുക്കപ്പെട്ടകുഞ്ഞാടിന് ഏഴ് കൊമ്പുണ്ട്.Read വെളി :(5:6)

കൂടാതെ മഹാസർപ്പത്തിന്റെ സംസാരമാണ് ഈ മൃഗത്തിനുള്ളത് . അതുകൊണ്ട് ഇതു കുഞ്ഞാടല്ല എന്ന് മനസ്സിലാക്കാം .ദൈവത്തിൽ നിന്നുള്ള ദൂത് പ്രവാചകൻ പറയുന്നതുപോലെ കള്ള പ്രവാചകൻ എതിർക്രിസ്തുവിന്റെ വക്താവാകുന്നു. ഇവന്റെ പ്രവർത്തികൾ എന്തെല്ലാം?

Read വെളി :(13:12-5)

എതിർക്രിസ്തുവിന്റെ പ്രതിമയ്ക്ക് സംസാരശേഷിയുണ്ടാകുന്നു എന്ന് 15-ാം വാക്യത്തിൽ കാണാം.ഈ കമ്പ്യൂട്ടർയുഗത്തിൽ ഇത് സംഭവിക്കുന്നത് ഒരു അതിശയമല്ല. സംസാരിക്കുന്ന പ്രതിമ കർശന നിയമങ്ങൾ പ്രാവർത്തികമാക്കുവാനാരംഭിക്കും.

വെളി:(13:15,16)

**മുദ്രയുടെ ആവശ്യം**

1. എതിർക്രിസ്തു നിഗളി ആകയാൽ

(Like Nebuchadnezzar - Daniel(40:30)

2. യുദ്ധം മൂലം ക്ഷാമം ഉഡാകുന്നതിനാൽ. (3-ാം മുദ്രപൊട്ടിച്ചപോലത്തെ വിളംബരംപോലെ)

3. ക്രയവിക്രയം ചെയ്യുന്ന ആളിന്റെ വ്യക്തതയ്ക്കായി മാത്രമല്ല മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കാത്തവരെ കണ്ടുപിടിച്ച് നശിപ്പിക്കുവാനുമാകാം.

(Credit Card, Adhar card, Voters I D, ഇവയെല്ലാം മുദ്രയുടെ മുന്നോടികളാണ്.

**മുദ്രണസംഖ്യ**

മൃഗത്തിന്റെ സംഖ്യയാണ്-666. ഇത് ഒരു മനുഷ്യന്റെ സംഖ്യയാണ്. അതാതയ് 6-ാം ദിവസം മനുഷ്യനെ സൃഷടിച്ചു. ദൈവജനത്തിന്റെ ശത്രുക്കളെപ്പറ്റിയുള്ള വിവരണങ്ങളിലും 6 കാണാം.

Read -ശമു (17:4-7) ദാനി :(3:1-7

ഇന്നത്തെപ്പോലെ അക്കങ്ങളില്ലാതിരുന്ന കാലത്ത് അക്ഷരങ്ങൾക്ക് മൂല്യം നിശ്ചയിച്ചിരുന്നു. (Greek, Roman ഭാഷകളിൽ)

ഈ സംഖ്യയെപ്പറ്റി പഠന ഗവേഷണങ്ങൾ നടക്കുന്നുണ്ട്.

മുദ്രണ സ്ഥലം

വലകൈമേലോ, നെറ്റിയിലോ, ആകാം

മുദ്രണരീതി

എക്കാലത്തും ശരീരത്തിൽ ഉണ്ടായിരിക്കത്തക്കവിധം മാംസത്തിൽ പിടിക്കത്തക്ക വിധമായിരിക്കും മുദ്രയിടുന്നത്.ഈ മുദ്ര ഏല്ക്കാത്തവൻ പട്ടിണി കിടന്ന് മരിക്കുകയോ, എതിർക്രിസ്തുവിന്റെ വാളിന്നിരയാകുകയോ ചെയ്യും . ഇന്ന് നിന്റെ രക്ഷകനെ കണ്ടെത്തി നിന്റെ ജീവതം ഭദ്രമാക്കുവാൻ ശ്രദ്ധിക്കുക.

കൃപായുഗം അവഗണക്കരുതേ !